(സി) വ്യത്യസ്ത വികസന മേഖലകളിലുള്ള കേരളത്തിന്റെ ഉന്നതി.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല.

മന്ത്രിമാർക്ക് വേണ്ടി ചെലവായ തുക

6 (6) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2000 മാർച്ച് 31 വരെ മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാർക്കും ശമ്പളം, അലവൻസ്, ഡി.എ., ടി.എ., മെഡിക്കൽ റീം ഇപേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2000 മാർച്ച് 31 വരെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർക്ക് ശമ്പളം അലവൻസ്, ഡി.എ., ടി.എ. (വിമാന യാത്രക്കൂലി ഒഴികെ) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ ഇതുവരെ താല്ക്കാലിക കണക്കുപ്രകാരം 1,49,66,,606 രൂപ (ഒരു കോടി നാല്പത്തി ഒൻപതു ലക്ഷത്തി അറുപത്തിയാറായിരത്തി അറുന്നൂറ്റി ആറു രൂപ മാത്രം) ചെലവായിട്ടുണ്ട്.

മന്ത്രിമാരുടെ ടെലഫോൺ ചാർജ്

7 (7) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും ആഫീസിലും ഔദ്യോഗിക വസതിയിലും ഉള്ള ടെലിഫോണുകൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന് 2000 മാർച്ച് 31 വരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ചെലവിൽ ഏതൊക്കെ മന്ത്രിമാർക്ക് മൊബൈൽ ഫോൺ നൽകിയിട്ടുണ്ട്;

(സി) ഈ ഇനത്തിൽ 2000 മാർച്ച് 31 വരെ ഓരോരുത്തരും എന്തു തുക ചെലവഴിച്ചുയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 3,89,07,668 രൂപ

(ബി) മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാർക്കും മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെലവൊന്നും ഉണ്ടായിട്ടില്ല.

വിദേശസഹായം ലഭിക്കുന്ന സംഘടനകൾ

8 (8) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി:
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും സംഘടനകൾക്ക് വിദേശസഹായം ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സംഘടനകൾക്ക് എന്തു തുക ലഭിക്കുന്നുവെന്നും ഏതു രാജ്യത്തിൽ നിന്നാണ് ലഭിക്കുന്നുതെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ വിദേശസഹായം സ്വീകരിച്ചതായി ഏതെങ്കിലും സംഘടനകളെപ്പറ്റി പരാതിയുണ്ടോ?

ഉത്തരം

(എ & ബി) കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് 1997-98ൽ സംസ്ഥാനത്ത് 1419 സംഘടനകൾക്ക് വിദേശ സഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ 1999-ൽ പ്രധാനപ്പെട്ട 19 മത സംഘടനകൾക്കും ഒരു രാഷ്ട്രീയേതര സംഘടനയ്ക്കും വിദേശസഹായം ലഭിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) അത്തരം പരാതികളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

വിദേശയാത്ര നടത്തിയ മന്ത്രിമാർ

9 (9) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ മന്ത്രിമാർ വിദേശ യാത്ര നടത്തിയിട്ടുണ്ടെന്നും ഓരോ മന്ത്രിമാരും സന്ദർശിച്ച രാജ്യങ്ങൾ ഏതെന്നും മന്ത്രിമാരുടെ പേര് സഹിതം പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ;

(ബി) ഓരോ മന്ത്രിമാരും വിദേശ യാത്രയ്ക്കായി അലവൻസുകൾ അടക്കം ചെലവാക്കിയ തുകയുടെ വിവരം അവരുടെ പേര് സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി ; അമേരിക്ക,ജർമ്മനി,നെതർലാന്റ്,യു.എ.ഇ., കാനഡ, ഫ്രാൻസ്, ഇറ്റലി, ദോഹ, ഒമാൻ, മസ്കറ്റ്, അബുദാബി, ദുബായ്, കുവൈറ്റ്

LIBRARY ARCHIVES Kerala Legislative Assembly